# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

വിദ്യാലയം : ഗവ: എൽ. പി. സ്കൂൾ ചിറമേൽ

ഉപജില്ല : കോഴഞ്ചേരി

ദത്ത വിശകലനം

| ക്ലാസ് | വായന | | | ലേഖനം | | |
|---|---|---|---|---|---|---|
| | മികച്ചവർ | പരിഗണന വേണ്ടവർ | പിന്നോക്കം | മികച്ചവർ | പരിഗണന വേണ്ടവർ | പിന്നോക്കം |
| I | | | | | | |
| II | ഗൗതംകൃഷ്ണ | സിദ്ധാർത്ഥ് ആദിനാഥ് മറിയം ആമി. | ആദർശ് അൽഫാസ് | | | |
| III | അതിഥി. | അനിരുദ്ധ് അമേയ ദിയ | [illegible] | | | |
| IV | അസ്മിത അതിഥി കെ. | ശ്രീലക്ഷ്മി. ശ്രീബാല | മഹാദേവ് | അസ്മിത അതിഥി | ശ്രീലക്ഷ്മി ശ്രീബാല | മഹാദേവ്. |

## ചരിത്രം· ആർ. വി. എസ്. ചിറക്കൽ.

സരസകവി മൂലൂർ എസ്. പത്മനാഭ പണിക്കരുടെ മാനേജ്മെന്റിൽ 1/6/1918 ൽ ചിറക്കൽ ഷൺമുഖ വിലാസം ആർ. വി സ്കൂൾ ആരംഭിച്ചു. 40" നീളം 18" വീതി 10" പൊക്കമുള്ള കരിങ്കൽ ഭിത്തി-കെട്ടിയ ഓലമേഞ്ഞ കെട്ടിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. അത് ഇപ്പോഴത്തെ സ്കൂളിന് സമീപം ഉള്ള രണ്ടു വശവും നിലവും ഒരുവശം തോടുമുള്ള തിട്ടയിലായിരുന്നു. ആദ്യ കാലത്ത് രണ്ട് ക്ലാസുകൾ മാത്രമേ സ്കൂളിൽ ഉണ്ടായിരുന്നുള്ളൂ. മാനേജർക്ക് കിട്ടുന്ന ഗ്രാന്റിൽ നിന്നുമാണ് അധ്യാപകർക്ക് ശമ്പളം കൊടുത്തിരുന്നത് 28 വർഷക്കാലം ഇങ്ങനെ തുടർന്നു. 1946ൽ തിരുവിതാംകൂർ ദിവാനായിരുന്ന സർ. സി.പി. രാമസ്വാമി അയ്യർ ഗ്രാന്റ് സ്കൂളുകളെല്ലാം സർക്കാർ ഏറ്റെടുക്കാൻ പോകുന്നതായി ഉത്തരവിറക്കി. ഇതിൽ പ്രതിഷേധിച്ച് ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകൾ എല്ലാം അടച്ചിട്ടു. അന്ന് ഒരുരൂപ പ്രതിഫലം വാങ്ങി ചിറക്കൽ സ്കൂൾ ഗവൺമെന്റിലേക്ക് സറണ്ടർ ചെയ്തു. അങ്ങനെ ഗവൺമെന്റ് സ്കൂൾ ആയി. ക്രിസ്ത്യൻ സ്കൂളുകളെല്ലാം അടച്ചിട്ടപ്പോൾ വിദ്യാർത്ഥികൾക്ക് അധ്യയനം മുടങ്ങാതിരിക്കാൻ ആ സ്കൂളുകളിലെ കുട്ടികളെ ഗവൺമെന്റ് സ്കൂളിൽ ചേർക്കാൻ ഉത്തരവിട്ടു. സ്കൂളുകൾ അടഞ്ഞുകിടന്നതുകൊണ്ട്: ടി.സി.

കിട്ടാൻ സാദ്ധ്യത ഉണ്ടായിരുന്നു. അന്ന് ടി.സി. ഇല്ലാതെ അവരവർക്ക് പറ്റിയ ക്ലാസുകളിൽ ചേർക്കാനും പിന്നീട് ടി.സി. കിട്ടുന്ന സമയത്ത് റെഗുലറൈസ് ചെയ്യാനും ഉത്തരവുണ്ടായി. അങ്ങനെ കുറച്ചുകൂടി വിദ്യാർത്ഥികളെ ചേർത്ത് നാലു ക്ലാസുള്ള പൂർണ്ണ എൽ.പി. സ്കൂളായി കുട്ടികളെ ഇരുത്താൻ സ്ഥലമില്ലാതെ വന്നു. അന്ന് ഈ സ്കൂളിനു സമീപം എസ്.എൻ.ഡി.പി. വക 40" നീളം 20" വീതി 15' ഉയരം ഉള്ള ഒരു പോസ്റ്റോഫീസ് കൂടിയുണ്ടായിരുന്നത് വാടകയ്ക്കെടുത്ത് സ്കൂൾ നടത്തി. പിന്നീട് ആ സ്ഥലവും കെട്ടിടവും സർക്കാർ ഏറ്റെടുത്തു അതോടുകൂടി ഇപ്പോൾ സ്കൂൾ നിൽക്കുന്ന സ്ഥലവും സർക്കാർ ഏറ്റെടുത്തു അവിടെ 100" ഉള്ള കെട്ടിടം പണിയിച്ചു കുട്ടികൾക്ക് സൗകര്യ ഉണ്ടാക്കി. 1947ൽ സി.പി.യെ കൊല്ലാൻ ശ്രമമുണ്ടായി. സി.പി. സ്വദേശമായ തഞ്ചാവൂരിലേക്ക് പോയി. സർക്കാർ സി.പി.യുടെ ഉത്തരവ് റദ്ദ്ചെയ്തു. സ്കൂളുകളെല്ലാം പുനഃസ്ഥാപിച്ചു. അന്ന് റോഡ് ഉണ്ടായിരുന്നില്ല സ്കൂളിലേക്കുള്ള വഴി മെയിൻ റോഡിൽ കണിയാൻ പടിക്കൽ നിന്നും വരമ്പ്-മാർഗ്ഗം. അദ്ധ്യാപകരും കുട്ടികളും വന്നിരുന്നത് ഈ വഴിയിലൂടെയാണ്. സ്കൂളിൽനിന്നും കിഴക്കോട്ട് 2 കിലോ-മീറ്റർ വരെ തോട്‌വരമ്പിലൂടെയാണ് നടന്നിരുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26.

ചിറക്കൽ ഗവ: എൽ. പി. സ്കൂൾ നൂറിലേറെ വർഷങ്ങളുടെ പ്രവർത്തന പാരമ്പര്യമുള്ള ആലന്തൂർ ഗ്രാമപഞ്ചായത്തിലെ ഒരു സർക്കാർ ലോവർ പ്രൈമറി സ്കൂൾ. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് സ്കൂളിനെ ഒരു യൂണിറ്റായി കണ്ടുവരുന്ന വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ആശയങ്ങളും കണ്ടെത്തലുകളും പങ്കുവച്ചും ഉചിതമായവ സ്വീകരിച്ചും നടത്തുന്ന ചിന്തകളിലൂടെ അക്കാദമിക പ്രവർത്തനങ്ങൾ ടീച്ചറുടെയും വിദ്യാലയത്തിന്റെയും പല മറ്റുസംവിധാനങ്ങളിൽ നിന്നുള്ള പിന്തുണ എന്നിവ കണക്കിലെടുത്ത് വ്യക്തമായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്ന ഇവ അക്കാദമിക കാഴ്ചപ്പാടുകൾ സവിശേഷതകൾ കണ്ടെത്താനും വിധം മെച്ചപ്പെടുത്തുന്നു. നടപ്പിലാക്കുന്ന വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും അറിവ് നിർമ്മാണത്തിലേക്ക് നയിക്കുന്ന അനുഭവാധിഷ്ഠിതമായ സ്വതന്ത്രചിന്താ പ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്നതും കുട്ടികളുടെ പഠന നിലവാരം എന്നിവ പരിഗണിക്കുന്നതുമായ പ്രവർത്തനങ്ങളും

സ്കൂൾതലത്തിൽ നടത്തുന്നു.

ആമുഖം.

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും ഉല്ലാസത്തോടെ അവരുടെ നിലവാരത്തിനനുസരിച്ച് അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളുടെ പരമാവധി ഉപയോഗപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ പഠനാന്തരീക്ഷവും പഠനരീതികളും സജ്ജമാക്കുന്നു

ലക്ഷ്യങ്ങൾ

→ ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അക്കങ്ങളും ആസ്വാദ്യകരമാകുന്നു

→ വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

→ വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പ്രവർത്തനങ്ങൾക്ക് പുറമെ ഒരു കവിത അവതരി പരിചയ പഠനങ്ങളിൽ സജീവമായി ഇടപെടുന്നതിനവസരമൊരുക്കുന്നു

- വിദ്യാലയത്തിലെ പഠന വിനോദ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു

→ സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (ജലം, ഉപകരണങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥി സൗഹൃദമായി ക്രമീകരണം ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാകുന്നു

→ ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു.

→ വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

→ ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായിക്കണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങൾ സജ്ജമാകുന്നു

→ പാർശ്വവൽക്കരിക്കപ്പെടുന്നവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു

സമഗ്ര ഗുണമേന്മാ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025

ക്ലാസ്സ് ഒന്ന്

സ്കൂൾ : ഗവ: എൽ.പി.എസ് ചിറമേൽ

ക്ലാസ്സ് അധ്യാപിക : അനുശ്രീ.എം

# ആമുഖം

ഗവ. എൽ. പി. എസ് ചിറമേൽ സ്കൂളിൽ 2025-2026 അധ്യയന വർഷം 4 കുട്ടികൾ ഒന്നാം ക്ലാസിലേക്ക് പ്രവേശനം നേടി. ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്.

ഒന്ന് ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഭാഷാ ശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സ്വാധ്യായദിനങ്ങൾ പ്രതീക്ഷപോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തരവിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

## അവസ്ഥാവിശകലനം

കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

ഈ അക്കാദമികവർഷം ഒന്നാം ക്ലാസിൽ 4 കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി, അംഗനവാടി അനുഭവമുള്ളവർ 3 പേരാണ്.

പ്രവേശനപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് അഞ്ച് വയസ്സായ കുട്ടികളും ആറ് വയസ്സായ കുട്ടികളും ഒന്നാം ക്ലാസിലുണ്ട്.

മുൻവർഷത്തെ പ്രധാന നേട്ടങ്ങൾ

- കുട്ടികൾ സ്വന്തമായി എഴുതാനും വായിക്കാനും കഴിവുള്ളവരായി. സംയുക്ത ഡയറി എഴുത്ത് അതിനു സഹായിച്ചു.
-

## വാർഷിക ലക്ഷ്യങ്ങൾ

1. ചെറു സദസിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.

2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക.

3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക.

4. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ സ്വന്തം ആശയം, ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

5. ഓരോ കുട്ടിയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.

6. ഓരോ കുട്ടിയും സർഗാത്മക രചനകൾ നടത്താനുള്ള കഴിവ് നേടുക

7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

8. ഓരോ കുട്ടിയുടെയും പഠനതെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

# ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ

1. പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് പി.ടി.എ ഉറപ്പാക്കുക.

2. എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക.

3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചു കേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.

4. വായിച്ചു കേട്ട കഥ ക്ലാസിൽ ആശയ ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക.

5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനാ കാർഡുകളുടെ വായന (വീട്ടിലും ക്ലാസിലും)

6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക.

7. ഓരോ കുട്ടിയെയും പ്രധാന പഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക.

8. പ്രതിമാസ ഡിജിറ്റൽ പോർട്ട്ഫോളിയോ ക്യൂ ആർ കോഡിന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക.

9. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് ടെൻഷനില്ലാതെ നടുത്തളത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക.

10. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

## ജൂൺ മാസ പ്രവർത്തനങ്ങൾ

1. പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ.
2. സ്കൂളും പരിസരവും പരിചയപ്പെടുക
3. വായനോത്സവവും കഥാവേളയും
4. പരിചിതാക്ഷരങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന വായനാ കാർഡുകൾ
5. പാട്ടരങ്ങ്
6. നിർമ്മാണ പ്രവർത്തനങ്ങൾ
7. വിദ്യാപ്രവേശ് / ഒന്നൊരുക്കം (സന്നദ്ധതാ പ്രവർത്തനങ്ങൾ)
8. ശാരീരിക ചാലക വികാസത്തിനും മാനസിക ഉല്ലാസത്തിനും സഹായകരമായ കളികൾ, സുംബ ഡാൻസ്
9. കുട്ടികളെ ആകർഷിക്കുന്ന രീതിയിൽ ക്ലാസ് റൂം ഒരുക്കുക.
10. സ്വയം പരിചയപ്പെടുത്തൽ
(പേര്, വീട്ടിൽ ആരൊക്കെയുണ്ട്?, ഇഷ്ട പെട്ട ഭക്ഷണം, കളികൾ etc)
11. സംയുക്ത വിലയിരുത്തൽ

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ക്ലാസ് 4

നാലാംക്ലാസിലെ എല്ലാവർ കുട്ടികളെയും ഉൾക്കൊള്ളുന്നതും ഉയർന്നതും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ ഉപലക്ഷ്യമാണിത്. ഭാഷ പരിസരപഠനം ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രക്ഷിതാക്കളുടെ സജീവ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത് പഠനമികവ് നിലനിർത്തുക പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക. സ്വയം പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ ഇടങ്ങിയവ ഈ പദ്ധതിയിൽ ഉറപ്പുവരുത്തുന്ന ലക്ഷ്യങ്ങൾ.

→ വിവിധഭാഷകളിൽ സംസാരിക്കുന്നതിനും എഴുതുന്നതിനും സ്വതന്ത്രരചന നടത്തുന്നതിനും എഴുതുന്നതിനും സന്ദർഭോചിതമായി ഭാഷയെ പ്രയോഗിക്കുന്നതിനും പ്രാപ്തിനേടുന്നു

→ ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ സർഗാത്മക അറിവ് വികസിപ്പിക്കുന്നു

→ ശാസ്ത്രാവബോധം വളർത്തുന്ന ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

വായന വരുമ്പോൾ അതിന് അടിസ്ഥാന ശേഷികൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുകയും സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* നാലാം ക്ലാസിലെ വിവിധ വിഷയങ്ങളിലെ ആശയങ്ങളുമായി ബന്ധപ്പെട്ട വായനാ പുസ്തകങ്ങൾ തിരഞ്ഞെടുക്കുക. അവ ക്ലാസ് ലൈബ്രറിയിൽ ശേഖരിക്കുക.
* മൂന്നാം ക്ലാസ് നിലവാരത്തിലുള്ള വായനാക്കാർഡുകൾ അധ്യാപകർ ഒത്തുകൂടി തയ്യാറാക്കുന്നു
* ഈ കാർഡുകൾ നൽകിക്കൊണ്ട് (വായനയിലേക്ക് നയിച്ചുകൊണ്ട് കാർഡുകൾ വ്യക്തിഗത വായനയ്ക്കായി നൽകുന്നു)
* വായനയിൽ കുട്ടി എവിടെ നിൽക്കുന്നുവെന്ന് തിരിച്ചറിയുന്നു
* തെളിവുകൾ ശേഖരിക്കൽ (വീഡിയോ) രേഖപ്പെടുത്തൽ
* വായനയിൽ പിന്നോക്കക്കാരെ കണ്ടെത്തുന്നു
* ക്ലാസ് ലൈബ്രറിയിൽ തെരഞ്ഞെടുത്തുവച്ച വായനാപുസ്തകങ്ങളുടെ സഹായത്തോടെ മറ്റു വായനാക്കാർഡുകൾ അധ്യാപകർ തയ്യാറാക്കുന്നു (കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ട്)
* തെരഞ്ഞെടുത്ത പുസ്തകങ്ങൾ രക്ഷിതാക്കൾക്ക് കൈമാറുന്നു
* കൂടുതൽ വായനാക്കാർഡുകൾ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു. കുട്ടികൾക്ക് നൽകുന്നു അവർ വായിക്കുന്നു
* വായനയുടെ വീഡിയോ ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു
* സെപ്റ്റംബർ മാസത്തെ ക്ലാസ് പി.ടി.എ.യിൽ കുട്ടികളുടെ പരസ്യ വായനയ്ക്ക് അവസരം ഒരുക്കുകയും നിലവാരം വിലയിരുത്തുകയും ചെയ്യുന്നു (തെളിവുകൾ ശേഖരിക്കുന്നു) (4 മാസം)

ഈ പ്രവർത്തനം കളികൾ എന്നിവയിലൂടെ സഹകരണബോധം സാമൂഹിക ബോധം പങ്കിടൽ എന്നിവ വികസിപ്പിക്കൽ.

→ ത്രിപ്പട്ടി

→ പാസ്സിംഗ് ദി ബോട്ടിൽ

→ ട്രഷർ ഹണ്ട്

→ തീം ബേസിസ് പ്രോജക്ടുകൾ

→ നാടകം ക

ശാസ്ത്രബോധം വളർത്തുന്ന തരത്തിൽ ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണങ്ങൾപ്പുറം ആവർത്തിക്കുകയും ചെയ്യുന്നു

→ നാലാം തരത്തിൽ കുട്ടികളുടെ നിലവാരത്തിനൊത്തുള്ള പരീക്ഷണങ്ങൾ തിരഞ്ഞെടുക്കുന്നു

→ പരീക്ഷണങ്ങളെ ശാസ്ത്രമാസികകളായി ഉൾപ്പെടുത്തുന്നു